## Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot. No. MPL 60/22/70

**സർക്കുലർ**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

വലിയ ആഴ്ചയുടെ അനുഗ്രഹദായകമായ ഈ അവസരത്തിൽ ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. നമ്മുടെ വ്യക്തിപരമായ വിശുദ്ധീകരണത്തിനും സഭയിലും ലോകത്തിലും സമാധാനവും ശാന്തിയും നിലനിൽക്കാനും യുക്രെയ്നിലെ യുദ്ധം അവസാനിക്കാനും ഈ പെസഹാദിനങ്ങളിൽ നമുക്ക് പ്രാർത്ഥിക്കാം.

എന്റെ അഭ്യർത്ഥനയനുസരിച്ച് യുക്രെയ്ൻ ജനതയെ സഹായിക്കാൻ 40,799 ഡോളർ സ്തോത്രക്കാഴ്ചയായി ലഭിച്ചത് കാത്തലിക് മിഷൻ ഓസ്ട്രേലിയ വഴി നാം യുക്രെയ്നിലേക്ക് എത്തിക്കുകയാണ്. നിങ്ങളുടെ ഉദാരതയ്ക്ക് നല്ലവനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

വലിയ ആഴ്ചയിൽ പെസഹാവ്യാഴാഴ്ചത്തെ സ്തോത്രക്കാഴ്ച വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനും ദുഃഖവെള്ളിയിലേത് വിശുദ്ധനാട് സംരക്ഷണത്തിനുമാണെന്ന് ഓർമ്മിപ്പിക്കുന്നു. വിശുദ്ധരായ വൈദികർ സഭയിലും നമ്മുടെ രൂപതയിലും ഉണ്ടാകാൻ നിത്യപുരോഹിതനായ ഈശോയോട് നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

+ ബോസ്കോ പുത്തൂർ — 2022 ഏപ്രിൽ 7

NB: ഈ സർക്കുലർ 2022 ഏപ്രിൽ 10ന് (ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.